TB222320W

Reg. No :...............................

Name :.................................

B. A. / B. Sc. DEGREE (C.B.C.S.) EXAMINATION, MARCH 2023

2022 Admissions Regular & 2021 Admissions Supplementary / Improvement And 2020, 2019 And 2018 Admissions Supplementary

SEMESTER II - COMMON COURSE 2 (MALAYALAM)

MA2A03B18 - KAVITHA

Time : 3 Hours

Maximum Marks : 80

## Part A

**I. അരപ്പുറത്തിൽ കവിയാതെ(50 വാക്ക് ) ഏതെങ്കിലും പത്തുചോദ്യത്തിന് ഉത്തരം എഴുതുക. ഓരോന്നിനും 2 മാർക്ക് വീതം** **(10x2=20)**

1. "സ്വവദനമെതിരിട്ടു ദർപ്പണത്തിൻ സവിധമണഞ്ഞൊരു കുട്ടിപോൽ കുഴങ്ങി"-സന്ദർഭം വിശദമാക്കുക
2. "അടികളൊരുതരിമ്പു മുമ്പു നീങ്ങാ- തുടൽ മരവിച്ചഥ കണ്ണുമന്ധമായി" - ആരുടെ? വിവരിക്കുക
3. 'ഇനിയീക്കണ്ണുകൾ ഞാൻ പിഴുതുമാറ്റട്ടെ '-ആരുടെ വാക്കുകൾ?വിശദമാക്കുക.
4. 'ഇതെന്തു നീതി ഇതെന്തു ഞായം '-സൂചനയെന്ത്?-വിശദമാക്കുക.
5. 'ഒന്നും തിന്നാനില്ലാത്തവൻ നിലവിളിക്കുമ്പോൾ ഇത് പറഞ്ഞുകൊടുക്കാൻ കൊള്ളാം '- വിശദമാക്കുക .
6. 'പിറക്കാത്ത മകന് 'പൈതൃകമായി അച്ഛൻ നല്കുന്നതെന്ത് ? വിശദമാക്കുക
7. 'എങ്കിൽ നീയും ഒരവതാരമായിരുന്നേനെ '-ആരെക്കുറിച്ചാണ് സൂചന?വിശദമാക്കുക.
8. "നിൻറെ വീട്, കല്ലിൽ പണിതു മിനുക്കിയ ശിൽപ്പം"- ആരുടെ വീട്? വിശദമാക്കുക
9. 'അടിപറിഞ്ഞ നിലപാടുകളേ' -വിവക്ഷിതം എന്ത്?
10. 'തല നിവർത്തുമ്പോൾ വാലു ചുരുളും' - ആരുടെ? വിവരിക്കുക
11. 'ഒരു മനുഷ്യൻ കിടക്കുന്ന പോലെ '- എന്ത് ? വിശദമാക്കുക
12. 'എൻറെ ചെറുക്കൻ, നാവിൽ ശൂലം തറച്ചവൻ '- സന്ദർഭം വിശദമാക്കുക

## Part B

**II. ഒന്നരപ്പുറത്തിൽ കവിയാതെ (150 വാക്ക് ) ഏതെങ്കിലും ആറുചോദ്യത്തിന് ഉത്തരം എഴുതുക. ഓരോന്നിനും 5 മാർക്ക് വീതം** **(6x5=30)**

13. ലീലാ- മദനസംഗമം വിശദീകരിക്കുക
14. 'തൊഴുതു പോകയാണവനെത്താണു ഞാൻ'എന്ന സ്ത്രീയവസ്ഥയെ വിമർശനാത്മകമായി വിലയിരുത്തുക.
15. 'ഒറ്റയ്ക്കിരിക്കാൻ പഠിച്ചുകഴിഞ്ഞു ഞാൻ' എന്ന കവിതയിൽ സൂചിപ്പിക്കുന്ന സ്ത്രീയവസ്ഥയെന്ത്? വിശദമാക്കുക .
16. പിതൃത്വത്തിൻറെ നിസ്സഹായതകൾ 'പിറക്കാത്ത മകന് 'എന്ന കവിതയെ മുൻനിർത്തി ചർച്ചചെയ്യുക.
17. ആൺ-പെൺ മനസുകളുടെ വ്യത്യസ്തതകൾ 'കൽവീട്' എന്ന കവിതയിൽ ആവിഷ്ക്കരിച്ചിരിക്കുന്നത് എങ്ങനെ?
18. മാറ്റിനിർത്തപ്പെട്ടവൻറെ ജീവിതം ചരിത്രമാകുന്നത് 'കുട്ടമ്മാൻ' എന്ന കവിതയെ ആസ്പദമാക്കി വിവരിക്കുക.
19. തെരണ്ടിവാലിട്ട് ചുഴറ്റുന്ന ഓർമ്മകൾ എന്തെല്ലാം? വിവരിക്കുക

20. 'വാഴക്കുല കട്ട കേസാണ്-തീരെയില്ലാത്തൊരില്ലത്തെ നമ്പൂതിരിയാണയാൾ'-ഈ വരികൾക്കാധാരമായ സംഭവങ്ങൾ വിവരിക്കുക.

21. കലയും ഗാർഹിക പശ്ചാത്തലവും 'ഗോതമ്പുശില്പം' എന്ന കവിതയിൽ സമന്വയിക്കുന്നത് എങ്ങനെ ?

**Part C**

**III. നാലുപുറത്തിൽ കവിയാതെ (400 വാക്ക് ) ഏതെങ്കിലും രണ്ടുചോദ്യത്തിന് ഉത്തരം എഴുതുക. ഓരോന്നിനും 15 മാർക്ക് വീതം** **(2x15=30)**

22. പ്രണയത്തിൻറെ അനശ്വരത "മാംസനിബദ്ധമല്ല രാഗം"- പാഠഭാഗത്തെ ആസ്പദമാക്കി വിശദീകരിക്കുക

23. കടമ്മനിട്ടയുടെ 'കോഴി' നമുക്ക് ചില മുന്നറിവുകളും ജാഗ്രതാനിർദ്ദേശങ്ങളും തരുന്നു. ചർച്ച ചെയ്യുക.

24. നിങ്ങൾക്കറിയാവുന്ന ഏതെങ്കിലും അഞ്ചു പഴഞ്ചൊല്ലുകളെക്കുറിച്ചു വിവരിക്കുക.

25. കെ.ആർ . ടോണിയുടെ 'വാഴക്കുല' എന്ന കവിത അടയാളപ്പെടുത്തുന്ന വിവിധ സാമൂഹിക - സാംസ്കാരിക വിഷയങ്ങൾ ചർച്ചചെയ്യുക.